# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4510 22.07.2015-ൽ മറുപടിയ്ക്ക്

### <u>പ്രാർത്ഥനാലയങ്ങളിലെ ആക്രമണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ എം. എ. ബേബി<br>ശ്രീ ബി. സത്യൻ<br>ശ്രീ എ. എം. ആരിഫ്<br>ശ്രീ കെ. രാധാകൃഷ്ണൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രാർത്ഥനാലയ ങ്ങളിൽ പ്രാർത്ഥന നടത്തുന്നത് പോലീസ് വിലക്കിയിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) വിശ്വാസികൾക്ക് പ്രാർത്ഥന ഭരണഘടനാ പരമായ അവകാശമാണെന്നിരിക്കെ ആറ്റിങ്ങ ലിലെ ഒരു പ്രാർത്ഥനാലയത്തിൽ ആർ. എസ്. എസ്.കാർ ആയുധങ്ങളുമായി ചെന്ന് പ്രാർത്ഥന തടസ്സപ്പെടുത്തിയതും മണന്നൂരിൽ പോലീസ് തന്നെ പ്രാർത്ഥന തടസ്സപ്പെടുത്തി യതും ഇതിനു വിരുദ്ധമായ നടപടികളാണെ ന്നറിയാമോ ; | (ബി) ആറ്റിങ്ങലിലെ ഒരു പെന്തക്കോസ്ത് പ്രാർത്ഥനാല യത്തിൽ ആർ.എസ്.എസ്/ബി.ജെ.പി. പ്രവർത്തകർ അതിക്രമിച്ച് കയറി പ്രാർത്ഥന തടസ്സപ്പെടുത്തിയ സംഭവം ഉണ്ടായിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1181/15 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. എന്നാൽ മണന്നൂരിൽ പ്രാർത്ഥന തടസ്സപ്പെടുത്തിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ പ്രാർത്ഥന തടസ്സപ്പെടുത്തിയ പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ; | (സി) മേൽപ്പറഞ്ഞ മറുപടികളുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) ഭരണഘടനാ ധ്വംസനത്തിന് പോലീസ് കൂട്ടുനിൽക്കുന്നുവെന്ന ആക്ഷേപത്തിൻമേൽ നിലപാട് വ്യക്തമാക്കാമോ ? | (ഡി) ഭരണഘടനാപരമായ എല്ലാ അവകാശങ്ങളുടേയും സംരക്ഷണം പോലീസ് ഉറപ്പു വരുത്തുന്നു. ഭരണഘടനാ ധ്വംസനത്തിന് പോലീസ് കൂട്ടുനിൽക്കുന്നു എന്ന ആക്ഷേപം ശരിയല്ല. |

സെക്ഷൻ ഓഫീസർ